# പതിമൂന്നാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2210** **17/02/2016-ൽ മറുപടിക്ക്**

## ഐ.ടി. ഉല്പന്ന കയറ്റുമതി

**ചോദ്യം**

ശ്രീമതി കെ. എസ്. സലീഖ

**മറുപടി**

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)

---

| | | | |
|---|---|---|---|
| (എ) | 2015-16 സാമ്പത്തിക വർഷം ജനവരി 31 വരെ ഐ.ടി. ഉല്പന്ന കയറ്റുമതി എത്ര കോടി രൂപയായിരുന്നു ; ആയത് നടപ്പു സാമ്പത്തിക വർഷം എത്രകണ്ട് വർദ്ധിപ്പിക്കാനാണ് ലക്ഷ്യമിട്ടിരുന്നത്; വിശദാംശം വ്യക്തമാക്കുമോ; | (എ) | 2015-16 സാമ്പത്തിക വർഷം ജനവരി 31-വരെയുള്ള ഐ.ടി. ഉല്പന്ന കയറ്റുമതി സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല. 2015-16 സാമ്പത്തിക വർഷത്തെ ഐ.ടി. ഉല്പന്ന കയറ്റുമതിയുടെ വിവരങ്ങൾ പ്രസ്തുത സാമ്പത്തിക വർഷം അവസാനിച്ചതിനുശേഷമേ ലഭ്യമാവുകയുള്ളൂ. നടപ്പു സാമ്പത്തിക വർഷം 2014-15 സാമ്പത്തിക വർഷത്തിലെ കയറ്റുമതിയേക്കാളും 50% കൂടുതൽ കൈവരിക്കുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്. |
| (ബി) | 2014-15 വർഷത്തിൽ ഐ.ടി. ഉല്പന്ന കയറ്റുമതി എത്ര കോടി രൂപയായിരുന്നു; | (ബി) | 2014-15 വർഷത്തിൽ സർക്കാർ നിയന്ത്രണത്തിലുള്ള ഐ.ടി. പാർക്കുകളിൽ നിന്നും 8250.28 കോടി രൂപയുടേയും, സ്റ്റാർട്ട് അപ് മിഷന്റെ കീഴിലുള്ള സ്റ്റാർട്ട് അപ് കമ്പനികളിൽ നിന്നും 2.92 കോടി രൂപയുടേയും, കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള STPI യിൽ രജിസ്റ്റർ ചെയ്തിട്ടുള്ള STP & Non-STP കമ്പനികളിൽ നിന്നും 2867.77 കോടി രൂപയുടേയും ഐ.ടി. ഉല്പന്ന കയറ്റുമതി നടന്നിരുന്നു. |
| (സി) | 2015-16 സാമ്പത്തിക വർഷം ജനവരി 31 വരെ ഐ.ടി., ഐ.ടി. അനുബന്ധ മേഖലകളിൽ സ്റ്റാർട്ട് അപ് കമ്പനികളുടെ വിറ്റുവരവ് എത്ര കോടി രൂപ; ആയത് 2014-15 സാമ്പത്തിക വർഷത്തിൽ എത്ര കോടി രൂപയായിരുന്നു; വിശദാംശം വ്യക്തമാക്കുമോ ; | (സി) | 2015-16 സാമ്പത്തിക വർഷം ജനവരി 31 വരെ സ്റ്റാർട്ട് അപ് മിഷന്റെ കീഴിലുള്ള സ്റ്റാർട്ട് അപ് കമ്പനികളുടെ വിറ്റുവരവ് 4.62 കോടി രൂപയാണ്. 2014-15 സാമ്പത്തിക വർഷം 7.84 കോടി രൂപയായിരുന്നു. |

| | | | |
|---|---|---|---|
| (ഡി) | സംസ്ഥാനത്ത് നിലവിൽ എത്ര സർക്കാർ അംഗീകൃത ഐ.ടി. കമ്പനികൾ പ്രവർത്തിക്കുന്നുവെന്നും ഇതിലൂടെ എത്ര പേർ നേരിട്ടും അല്ലാതെയും ജോലി നോക്കുന്നു എന്നും വൻകിട ഐ.ടി. കമ്പനികൾ തൊഴിൽ സംസ്കാരം പാലിക്കുന്നുണ്ടോയെന്നും വ്യക്തമാക്കുമോ? | (ഡി) | സംസ്ഥാനത്ത് ടെക്നോപാർക്ക്, ഇൻഫോപാർക്ക്, സൈബർപാർക്ക് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന കമ്പനികളെയും ജോലി നോക്കുന്നവരെയും സംബന്ധിച്ചുമുള്ള വിവരങ്ങൾ ശേഖരിച്ച് നൽകുന്നതാണ്. വൻകിട ഐ.ടി. കമ്പനികൾ നിലവിലുള്ള തൊഴിൽ നിയമ വ്യവസ്ഥകൾ ലംഘിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ